## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം: 4436

04.02..2014 -ൽ
മറുപടിയ്ക്ക്

### സ്വകാര്യ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകൾ

| ചോദ്യം<br>ശ്രീ. റ്റി. വി. രാജേഷ് | ഉത്തരം<br>ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവിലുള്ളത്; ജില്ലതിരിച്ച് വിശദാംശം നൽകുമോ; ഇവിടങ്ങളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്; അദ്ധ്യാപകരുടെ എണ്ണമെത്ര; | (എ) സംസ്ഥാനത്ത് സ്വകാര്യ മേഖലയിൽ 127 എഞ്ചിനീയറിംഗ് കോളേജുകൾ ഉണ്ട്. സ്വകാര്യ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ ജില്ല തിരിച്ചുള്ള എണ്ണം അനുബന്ധം (എ) ആയി ചേർക്കുന്നു. ഇവിടങ്ങളിൽ പഠിയ്ക്കുന്ന കുട്ടികളുടെ കൃത്യമായ എണ്ണം ലഭ്യമല്ല. എന്നാൽ സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 5404 വിദ്യാർത്ഥികളേയും സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ 15256 വിദ്യാർത്ഥികളേയും പ്രവേശന പരീക്ഷാ കമ്മീഷണർ അലോട്ട് ചെയ്തിട്ടുണ്ട്. അദ്ധ്യാപകരുടെ എണ്ണവും ലഭ്യമല്ല. |
| (ബി) പ്രസ്തുത എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് എത്ര രൂപയാണ് ശമ്പളമായി സർക്കാർ നിശ്ചയിച്ചിട്ടുള്ളത് ? | (ബി) സ്വകാര്യ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകർക്ക് ശമ്പളം നിശ്ചയിച്ച് സർക്കാർ ഉത്തരവിറക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം (എ)

**<u>സ്വകാര്യ മേഖലയിലെ എഞ്ചിനീയറിംഗ് കോളേജുകളുടെ ജില്ല തിരിച്ചുള്ള എണ്ണം</u>**

| നമ്പർ | ജില്ല | സ്വകാര്യ സ്വാശ്രയ എൻജിനീയറിംഗ് കോളേജുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 19 |
| 2 | കൊല്ലം | 12 |
| 3 | പത്തനംതിട്ട | 5 |
| 4 | കോട്ടയം | 6 |
| 5 | ആലപ്പുഴ | 7 |
| 6 | ഇടുക്കി | 2 |
| 7 | എറണാകുളം | 30 |
| 8 | തൃശൂർ | 15 |
| 9 | പാലക്കാട് | 10 |
| 10 | മലപ്പുറം | 7 |
| 11 | കോഴിക്കോട് | 8 |
| 12 | വയനാട് | 0 |
| 13 | കണ്ണൂർ | 4 |
| 14 | കാസർഗോഡ് | 2 |
| ആകെ | | 127 |

സെക്ഷൻ ഓഫീസർ